പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

ഒക്ടോബർ 24, 2016

## 'L' എന്ന് ഇൻസെറ്റ് അക്ഷരമുള്ളതും, നമ്പർ പാനലുകളിൽ അക്കങ്ങൾ വലുപ്പം കൂടിവരുന്നതും, ഇന്റാഗ്ലിയോ അച്ചടിയില്ലാത്തതുമായ ₹20 ബാങ്ക് നോട്ടുകൾ പുറത്തിറക്കുന്നു.

മഹാത്മാഗാന്ധി സീരിസ് 2005 - ൽ രണ്ടു നമ്പർ പാനലുകളിലും 'L' എന്ന് ഇൻസെറ്റ് അക്ഷരമുള്ളതും, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യാ ഗവർണർ ഡോ: രഘുറാം ജി. രാജന്റെ ഒപ്പുള്ളതും, അച്ചടിച്ചവർഷം '2016' ബാങ്ക്നോട്ടിന്റെ പിൻവശത്ത് അച്ചടിച്ചതുമായ ₹ 20 വിഭാഗത്തിൽപെട്ട ബാങ്ക് നോട്ടുകൾ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, താമസിയാതെ പുറത്തിറക്കുന്നതാണ്.

ഇപ്പോൾ പുറത്തിറക്കാൻ പോകുന്ന ബാങ്ക് നോട്ടുകളുടെ ഘടനയും രൂപവും, സുരക്ഷാരേഖകളും, അടുത്തകാലത്ത് പുറത്തിറക്കിയ, നമ്പർ പാനലുകളിൽ വലുപ്പം കൂടിവരുന്ന അക്കങ്ങൾ ഉള്ള, ഇന്റാഗ്ലിയോ അച്ചടിയില്ലാത്ത, ഉൾച്ചേർന്ന പ്രതിരൂപമില്ലാത്ത, തിരിച്ചറിയൽ അടയാളം ഇല്ലാത്ത, മഹാത്മാഗാന്ധി സിരീസ് 2005 ലെ ₹ 20 ബാങ്ക് നോട്ടുകൾക്ക് സമാനമാണ്. ഇന്റാഗ്ലിയോ അച്ചടി മാറ്റിയിട്ടുള്ളതിനാൽ (2016 സെപ്തംബർ 15 ലെ പ്രസ്സ് റിലീസ് നമ്പർ 2016-2017/678 കാണുക) നോട്ടുകളുടെ മുൻവശത്തെ നിറം മങ്ങിയിരിക്കും.

ഇതിനുമുമ്പ് പുറത്തിറക്കിയ എല്ലാ ₹ 20 ബാങ്ക് നോട്ടുകളും നിയമപരമായി വിനിമയക്ഷമമായിരിക്കും.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2016-2017/1004**